**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**

**ചോദ്യം നമ്പർ : 2554** **05.11.2019- ൽ മറുപടിയ്ക്ക്**

**സഹകരണ സംഘങ്ങളുടെ കെട്ടിടനിർമ്മാണത്തിന് അനുമതി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എസ്.ശർമ്മ** | | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ** (ബഹു. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ സംഘങ്ങൾ, സഹകരണ ബാങ്കുകൾ എന്നിവയുടെ കെട്ടിടങ്ങളിൽ നടത്തുന്ന വിവിധ തരത്തിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് വകുപ്പിൽ നിന്നുമുള്ള അനുമതി ആവശ്യമുണ്ടോ; വിശദമാക്കാമോ; | (എ) | സഹകരണ സംഘങ്ങൾ, സഹകരണ ബാങ്കുകൾ എന്നിവയുടെ കെട്ടിടങ്ങളിൽ നടത്തുന്ന വിവിധ തരത്തിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് വകുപ്പിൽ നിന്നുമുള്ള അനുമതി ആവശ്യമുണ്ട്. ഒരു സഹകരണ സംഘത്തിന് രജിസ്ട്രാറുടെ രേഖാമൂലമായ മുൻ അനുമതിയോടെ അതിന്റെ ഫണ്ട് സംഘം ആവശ്യത്തിനായി കെട്ടിടം പണിയുന്നതിനോ അല്ലെങ്കിൽ പുതുക്കി പണിയുന്നതിനോ വിനിയോഗിക്കാവുന്നതാണെന്ന് സഹകരണ ചട്ടം **54(1)**-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. അനുമതി വാങ്ങുന്നത് സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ നിർണ്ണയിച്ച് സഹകരണ സംഘം രജിസ്ട്രാർ **26/1985, 50/2000** എന്നീ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | വൈപ്പിൻ നിയോജക മണ്ഡലത്തിലെ സഹകരണ സംഘങ്ങൾ, സഹകരണ ബാങ്കുകൾ എന്നിവയിൽ 2018-19 വർഷത്തിൽ ഏതെങ്കിലും തരത്തിലുള്ള നിർമ്മാണ പ്രവൃത്തികൾ നടത്തിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | (ബി) | എറണാകുളം ജില്ലയിലെ കൊച്ചി താലൂക്കിലെ ഓച്ചന്തുരുത്ത് സർവ്വീസ് സഹകരണ ബാങ്ക് **2018-2019** വർഷത്തിൽ ബാങ്ക് ആഡിറ്റോറിയത്തിന്റെ പുനരുദ്ധാരണത്തിനായി **2,80,00,000/-** (രണ്ട് കോടി എൺപത് ലക്ഷം രൂപ) രൂപയും, എടവനക്കാട് സർവ്വീസ് സഹകരണ ബാങ്കിന്റെ ഹെഡ് ആഫീസ് നവീകരണവുമായി ബന്ധപ്പെട്ട് **26,92,000/-** (ഇരുപത്തിയാറ് ലക്ഷത്തി തൊണ്ണൂറ്റി രണ്ടായിരം രൂപ) രൂപയും ചെലവഴിച്ചിട്ടുണ്ട്. ഞാറയ്ക്കൽ സർവ്വീസ് സഹകരണ ബാങ്ക് ഓഫീസ് കെട്ടിടത്തിന് താഴെ ഐ.സി.ഡി.എസ് പ്രവർത്തിക്കുന്ന ഹാളും ഇ.എസ്.ഐ. പ്രവർത്തിക്കുന്ന ഹാളും **4,72,393/-**രൂപയ്ക്ക് റിപ്പയർ ചെയ്തിട്ടുള്ളതാണ്. |

| | | | |
|---|---|---|---|
| (സി) | എങ്കിൽ പ്രസ്തുത സ്ഥാപനങ്ങൾക്ക് ഇതിനുള്ള അനുമതി നൽകിയിട്ടുണ്ടോ; വിശദാംശം നൽകാമോ; | (സി) | ഓച്ചന്തുരുത്ത് സർവ്വീസ് സഹകരണ ബാങ്കിന് **1,15,00,000/-** രൂപയ്ക്ക് അനുവാദം ലഭിച്ചിട്ടുണ്ട്. ബാക്കി തുകയ്ക്ക് വാല്യുവേഷൻ സർട്ടിഫിക്കറ്റ് ലഭിക്കുന്ന മുറയ്ക്ക് അനുമതി പരിഗണിക്കുന്നതാണ്. എടവനക്കാട് സർവ്വീസ് സഹകരണ ബാങ്ക് ചെലവഴിച്ച തുകയ്ക്ക് അനുവാദത്തിനായി അപേക്ഷിച്ചിട്ടുണ്ട്. ഞാറയ്ക്കൽ സർവ്വീസ് സഹകരണ ബാങ്കിന്റെ മേൽ റിപ്പയർ പ്രവർത്തികൾക്ക് സഹകരണ സംഘം രജിസ്ട്രാറുടെ മുൻകൂർ അനുവാദം വാങ്ങിയിട്ടില്ല. |
| (ഡി) | ഇവയിൽ ഏതെങ്കിലും സ്ഥാപനങ്ങൾ ജനറൽ ഫണ്ടിൽ നിന്നും കെട്ടിട നിർമ്മാണം, പുനരുദ്ധാരണം എന്നിവക്കായി തുക ചെലവഴിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ; | (ഡി) | മേൽപ്പറഞ്ഞ ബാങ്കുകളിൽ എടവനക്കാട് സർവ്വീസ് സഹകരണ ബാങ്കും, ഓച്ചന്തുരുത്ത് സർവ്വീസ് സഹകരണ ബാങ്കും, ഞാറയ്ക്കൽ സർവ്വീസ് സഹകരണ ബാങ്കും പുനരുദ്ധാരണ പ്രവർത്തികൾക്ക് ജനറൽ ഫണ്ടിൽ നിന്നുമാണ് തുക ചെലവഴിച്ചിട്ടുള്ളത്. |
| (ഇ) | ജനറൽ ഫണ്ടിൽ നിന്നും തുക ചെലവഴിച്ചിട്ടുണ്ടെങ്കിൽ ആയതിന് വകുപ്പ് അനുമതി നൽകിയിട്ടുണ്ടോ; വിശദാംശം നൽകാമോ? | (ഇ) | എടവനക്കാട് സർവ്വീസ് സഹകരണ ബാങ്കും, ഞാറയ്ക്കൽ സർവ്വീസ് സഹകരണ ബാങ്കും വകുപ്പിന്റെ അനുമതിയ്ക്കായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഓച്ചന്തുരുത്ത് സർവ്വീസ് സഹകരണ ബാങ്കിന് **1,15,00,000/-** രൂപയ്ക്കുള്ള നിർമ്മാണ പ്രവർത്തിയ്ക്ക് അനുമതി നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**